പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2314

18-06-2014 -ൽ മറുപടിയ്ക്ക്

നിർമ്മാർജ്ജനം ചെയ്ത പകർച്ചവ്യാധികൾ വീണ്ടും വരാതിരിക്കാനുള്ള നടപടി

ചോദ്യം	ഉത്തരം
ശ്രീ. എ . പ്രദീപ് കുമാർ	ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)
(എ) കേരളത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്ത പല പകർച്ചവ്യാധികളും കേരളത്തിൽ തിരികെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;	(എ) കേരളത്തിൽ പൂർണ്ണമായും നിയന്ത്രണ വിധേയമാക്കിയ മലമ്പനി രോഗം തിരികെ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
(ബി) അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ ഇത്തരം രോഗങ്ങൾ പടരുന്നത് പ്രതിരോധിക്കുന്നതിനായി സ്വീകരിച്ച നടപടിക ൾ വിശദമാക്കുമോ ?	(ബി) അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലും ജോലി ചെയ്യുന്നിടത്തും ആരോഗ്യ പ്രവർത്തകർ പതിവായി സന്ദർശനം നടത്തി രോഗ ലക്ഷണങ്ങൾ കാണുന്നവരെ ഉടൻതന്നെ രോഗ നിർണ്ണയത്തിന് വിധേയമാക്കാറുണ്ട്. രോഗം സ്ഥിരീകരിക്കുന്നവർക്ക് തക്കതായ ചികിത്സ നല്കുന്നുണ്ട്. പനിയുള്ളവരെ പ്രത്യേകം നിരീക്ഷിച്ച് മലമ്പനി രോഗ നിർണ്ണയം നടത്തി സമ്പൂർണ്ണ ചികിത്സ നൽകി വരുന്നു. രാത്രി കാലങ്ങളിൽ മലമ്പരോഗ സർവ്വേയും നടത്തുന്നു. കൂടാതെ അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി രോഗവ്യാപനം തടയുന്നതിനായി അവിടെ കൊതുക് നശീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനു പുറമേ ആവശ്യമായ സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും നടത്താറുണ്ട്. ഈ ക്യാമ്പുകളിൽ വിദഗ്ധ ഡോക്ടർമാരും സ്പെഷ്യലിസ്റ്റുകളും തൊഴിലാളികളെ പരിശോധിച്ച് ചികിത്സ നൽകുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളെ ബോധവൽക്കരിക്കുന്നതിന് ബഹുഭാഷയിലുള്ള പോസ്റ്ററുകളും ബാനറുകളും പ്രദർശിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.